(ബി) 2000-ലെ കേരള പോലീസ് ഭേദഗതി നിയമമനുസരിച്ച് കായികാഭ്യാസ പരിശീലനത്തിനായി എത്ര ലൈസൻസ് നൽകിയിട്ടുണ്ട്;

(സി) ലൈസൻസ് നൽകാൻവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്;

(ഡി) ഇതിനാവശ്യമായ ചട്ടങ്ങൾ എന്നാണ് പുറപ്പെടുവിച്ചത്;

(ഇ) പോലീസ് നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം തരത്തിലുള്ള കായിക പരിശീലനമാണ് നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

(എ) കരാട്ടേ, കുംഫു, കളരിപ്പയറ്റ് തുടങ്ങിയ കായികാഭ്യാസ പരിശീലനങ്ങൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)(സി)&(ഡി) ഇതു സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കിവരുന്നു.

(ഇ) സ്വയരക്ഷയ്ക്കോ കൈയേറ്റ സ്വഭാവമുള്ള രീതിയിൽ ഉൾക്കൊള്ളുന്നതോ ആയ കായിക പരിശീലനങ്ങൾ 18-1-2000 ലെ കേരള പോലീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം ഗവൺമെന്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ അനുവാദം വാങ്ങിയശേഷം മാത്രമേ നടത്താൻ പാടുള്ളൂ എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

11 (*460) റീജിയണൽ ക്യാൻസർ സെന്ററിൽ ആയുർവേദ ഗവേഷണ യൂണിറ്റും ഔഷധ വികസന കേന്ദ്രവും പ്രവർത്തനം ആരംഭിക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ആയുർവേദ ഗവേഷണ യൂണിറ്റും ഔഷധ വികസന കേന്ദ്രവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത യൂണിറ്റിൽ ഏതൊക്കെ രോഗങ്ങൾക്കാണ് ചികിത്സ ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ പാരമ്പര്യ ഔഷധ വികസനം ലക്ഷ്യമാക്കിയുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ആർ.സി.സി.യിലെ ആയുർവേദ ഗവേഷണത്തിലെ ചികിത്സയ്ക്ക് രോഗികളിൽനിന്നും ഫീസ് ഈടാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ വി.സി. കബീർ) :

(എ) വൈദ്യ ബാലേന്ദു പ്രകാശിന്റെ നേതൃത്വത്തിൽ ഡറാഡൂണിൽ പ്രവർത്തിച്ചുവരുന്ന വൈദ്യചന്ദ്ര പ്രകാശ് റിസർച്ച് ഫൗണ്ടേഷനും ആർ.സി.

LIBRARY ARCHIVES Kerala Legislative Assembly

സി.യും തമ്മിൽ ഒപ്പിട്ട ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഒരു ആയുർവേദ ഗവേഷണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) അക്യൂട്ട് ബ്രോമൈ ലോസൈറ്റിക് ലുക്കീമിയ, അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ, മൾട്ടിപ്പിൾ മൈലോമ, നോൺ ഹോഡ്കിൻസ് ലിംഫോമ, മൂത്രാശയ ക്യാൻസർ, ക്രോണിക് പാൻക്രിയാറ്റൈറ്റിസ്, ഹെപ്പറ്റൈറ്റിസ്, ഇസ്തമിക് ഹാർട്ട് രോഗങ്ങൾ, കുട്ടികളിലുണ്ടാകുന്ന ആസ്മ തുടങ്ങിയ രോഗങ്ങൾക്കാണ് പ്രസ്തുത യൂണിറ്റിൽ ചികിത്സിക്കുവാൻ ഉദ്ദേശിക്കുന്നതെന്നാണ് വൈദ്യബാലേന്ദു പ്രകാശ് അവകാശപ്പെടുന്നത്.

(സി) ആയുർവേദ ഗവേഷണ പദ്ധതിക്കുവേണ്ടി സർക്കാർ 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ആർ.സി.സി.യിൽ വിവിധ മേഖലകളിൽ ക്യാൻസർ ഗവേഷണം നടക്കുന്നുണ്ട്. അവയുടെ പ്രധാന ലക്ഷ്യം പുതിയ മരുന്നുകൾ വികസിപ്പിക്കച്ചെടുക്കുക എന്നതാണ്. ഇക്കൂട്ടത്തിൽ പാരമ്പര്യ ഔഷധങ്ങളും ഉൾപ്പെടുന്നു.

(ഇ) പാരമ്പര്യ ഔഷധ വികസനം സംബന്ധിച്ച് പ്രാഥമിക പരീക്ഷണങ്ങൾ നടന്നുവരുന്നതേയുള്ളൂ. അവയുടെ ഫലപ്രാപ്തി വിലയിരുത്തിയ ശേഷം മാത്രമേ അവയുടെ ഉൽപ്പാദനം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാനാവൂ. ഈ ഗവേഷണ യൂണിറ്റിൽ പഠനത്തിന് വിധേയരാകുന്ന രോഗികളിൽനിന്നും വൈദ്യ ബാലേന്ദു പ്രകാശ് റിസർച്ച് ഫൗണ്ടേഷൻ മരുന്നിന്റെ വിലയായി ദിവസം 90 രൂപ എന്ന നിരക്കിൽ ഈടാക്കുന്നുണ്ട്. റീജിയണൽ ക്യാൻസർ സെന്റർ ഈ രോഗികൾക്ക് സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവയിൽനിന്നും യാതൊരു ഫീസും ഈടാക്കുന്നില്ല.

12 (*461) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ നടത്തിവരുന്ന പ്രവത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാന ഗവൺമെന്റ് പുതുതായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമീണ ജനങ്ങളിൽ എത്തിക്കുവാൻ ഈ വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(സി) വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ഗ്രാമപഞ്ചായത്ത് തലങ്ങളിലും വില്ലേജ് തലങ്ങളിലും എത്തിക്കുവാനും അത് ജനപ്രതിനിധികൾക്കും മറ്റു സന്നദ്ധ സംഘടനകൾക്കും പ്രവർത്തകർക്കും നൽകുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly